RCS/2959/2023-M.P(2) തീയതി : 17/04/2023

<u>യു.ഒ നോട്ട്</u>

വിഷയം: സഹകരണ എക്സ്പോ 2023 വിളംബര ദിനം നിർദേശങ്ങൾ – സംബന്ധിച്ച്
സൂചന: സഹകരണ സംഘം രജിസ്ട്രാരുടെ 04/04/2023 ലെ RCS/390/2023-MP(3) നമ്പർ നിർദേശം

സംസ്ഥാന സർക്കാരിന്റെ മൂന്നാം 100 ദിന പരിപാടിയിൽ ഉൾപ്പെടുത്തി 2023 ഏപ്രിൽ 22 മുതൽ 30 വരെ സഹകരണ വകുപ്പിന്റെ ആഭിമുഖ്യത്തിൽ എറണാകുളം മറൈൻ ഡ്രൈവ് മൈതാനത്ത് വച്ച് സംഘടിപ്പിക്കുന്ന **സഹകരണ എക്സ്പോ-2023** ന്റെ മുന്നോടിയായി 19/04/2023 ബുധനാഴ്ച സഹകരണ എക്സ്പോ വിളംബര ദിനമായി ആചരിക്കുന്നതിനു സൂചന പ്രകാരം തീരുമാനിച്ചിട്ടുണ്ട്(പകർപ്പ് ഉള്ളടക്കം ചെയ്യുന്നു). പ്രസ്തുത ദിനത്തിൽ ഈ ഓഫീസിലെ എല്ലാ ജീവനക്കാരും അന്നേ ദിവസം എക്സ്പോ ബാഡ്ജ് ധരിച്ച് നീല കളർ ഡ്രസ്സ് കോഡിൽ(കേരളീയ വസ്ത്രം) ജോലിക്ക് ഹാജരായി സഹകരണ എക്സ്പോ 2023 ന്റെ വിളംബരത്തിന്റെ ഭാഗമാകണമെന്നു അറിയിക്കുന്നു.

വിശ്വസ്തതയോടെ,

അഡീഷണൽ രജിസ്ട്രാർ (കൺസ്യൂമർ)

ഉള്ളടക്കം: സൂചന കത്ത്

To.:

1. രജിസ്ട്രാരുടെ മേശപ്പുറത്ത്
2. അഡീഷണൽ രജിസ്ട്രാർമാർ
3. ജോയിന്റ് രജിസ്ട്രാർ
4. ഡെപ്യൂട്ടി രജിസ്ട്രാർമാർ
5. ഫിനാൻസ് ഓഫീസർ, ലോ ഓഫിസർ
6. എല്ലാ സെക്ഷനുകൾക്കും
7. സ്റ്റോക്ക് ഫയൽ

RCS/390/2023-MP(3)

സഹകരണ സംഘം രജിസ്ട്രാർ ആഫീസ്
തിരുവനന്തപുരം, തീയതി :04/04/2023

സഹകരണ സംഘം രജിസ്ട്രാർ,
തിരുവനന്തപുരം.

ജോയിന്റ് രജിസ്ട്രാർ (ജനറൽ),
ജോയിന്റ് ഡയറക്ടർ (ആഡിറ്റ്),
എല്ലാ ജില്ലകളും.

സർ,

വിഷയം :- സഹകരണ വകുപ്പ് – സഹകരണ എക്സ്പോ – 2023 – എക്സ്പോ വിളംബര ദിനാഘോഷം – നിർദ്ദേശങ്ങൾ നൽകുന്നത് – സംബന്ധിച്ച്.

സൂചന :- സർക്കാരിന്റെ 25.02.2023 തീയതിയിലെ സ.ഉ. (സാധാ) നം.120/2023/Co-op നമ്പർ ഉത്തരവ്.

സർക്കാരിന്റെ മൂന്നാം 100 ദിന കർമ്മപരിപാടിയുടെ ഭാഗമായി 2023 ഏപ്രിൽ 22 മുതൽ 30 വരെ എറണാകുളം മറൈൻ ഡ്രൈവ് മൈതാനത്ത് വച്ച് വളരെ വിപുലമായി സഹകരണ എക്സ്പോ-2023 സംഘടിപ്പിക്കുകയാണ്. ആയതിന് മുന്നോടിയായി സഹകരണ എക്സ്പോ വിളംബര ദിനം എല്ലാ ജില്ലകളിലും വർണ്ണാഭമായി പരിപാടികളോടെ നടത്തുവാൻ തീരുമാനിച്ചിരിക്കുകയാണ്. അതിനായി ചുവടെ പറയും പ്രകാരമുള്ള നിർദ്ദേശങ്ങൾ നൽകുന്നു.

1. സംസ്ഥാനത്തുടനീളം സഹകരണ എക്സ്പോ-2023-മായി ബന്ധപ്പെട്ട വിളംബര ദിനമായി 19.04.2023 (ബുധനാഴ്ച) ആചരിക്കേണ്ടതാണ്.
2. വിളംബരദിനത്തിൽ എക്സ്പോ ബാഡ്ജ് എല്ലാ സഹകരണ വകുപ്പ് ജീവനക്കാരും, സഹകരണ സംഘം ജീവനക്കാരും, സഹകരണ വിദ്യാർത്ഥികളും ധരിക്കേണ്ടതാണ്.
3. എക്സ്പോ വിളംബര ദിവസം അനുയോജ്യമായ ഡ്രസ്സ് കോഡ് ജില്ലകൾക്ക് നിശ്ചയിച്ച് നടപ്പിലാക്കാവുന്നതാണ്.
4. വിളംബരവുമായി ബന്ധപ്പെട്ട ഫോട്ടോകൾ, ഗ്രൂപ്പ് ഫോട്ടോകൾ, സെൽഫി എന്നിവ എക്സ്പോയുമായി ബന്ധപ്പെട്ട സോഷ്യൽ മീഡിയകൾ വഴി പ്രചരിപ്പിക്കാവുന്നതാണ്. തെരഞ്ഞെടുക്കുന്ന ഏറ്റവും വർണ്ണാഭമായ ഫോട്ടോയ്ക്ക് സംസ്ഥാന അടിസ്ഥാനത്തിൽ പ്രത്യേക പ്രോത്സാഹന സമ്മാനം നൽകുന്നതാണ്.
5. എക്സ്പോ വിളംബര ദിനത്തിൽ സഹകാരികൾക്കിടയിലും പൊതുജനങ്ങൾക്കിടയിലും സോഷ്യൽ മീഡിയ വഴിയും നേരിട്ടും എക്സ്പോ സംബന്ധിച്ച പ്രചരണം നടത്തേണ്ടതാണ്.

6. 2023 ഏപ്രിൽ 22 മുതൽ 30 വരെ എറണാകുളം മറൈൻ ഡ്രൈവ് മൈതാനത്ത് വച്ച് വളരെ മികവാർന്ന വിധം സഹകരണ എക്സ്പോ സംഘടിപ്പിക്കുന്ന വിവരവും പ്രസ്തുത മേളയിൽ സഹകരണ സ്ഥാപനങ്ങളുടെ വൈവിദ്ധ്യവും പരിശുദ്ധവുമായ ഉൽപ്പന്നങ്ങൾ coopkeralaഎന്ന ബ്രാന്റിലൂടെ ലഭ്യമാകമെന്നും സഹകരണ പ്രസ്ഥാനം കൈവരിച്ചിട്ടുള്ള നേട്ടങ്ങളും ഏറ്റെടുത്ത വെല്ലുവിളികളും നടപ്പാക്കി വരുന്ന ജനപ്രിയ പ്രവർത്തനങ്ങളും എക്സ്പോയിലൂടെ ജനങ്ങളിൽ എത്തിക്കുന്ന വിവരവും, സഹകരണ മേഖലയുമായി ബന്ധപ്പെട്ട കാലിക പ്രസക്തിയുള്ള 10 സെമിനാറുകൾ സംഘടിപ്പിക്കുന്ന വിവരവും സഹകരണ ഉൽപ്പന്നങ്ങളുടെ വ്യാപാര വളർച്ച ലക്ഷ്യമാക്കി ബിസിനസ്സ് മീറ്റ് സംഘടിപ്പിക്കുന്ന വിവരവും പ്രചരിപ്പിക്കേണ്ടതാണ്.

7. സഹകരണ ഉൽപ്പന്നങ്ങൾക്കായി ട്രേഡ് മാർക്ക് ആക്റ്റ് പ്രകാരം രജിസ്റ്റർ ചെയ്ത coopkerala മുദ്രയ്ക്ക് പരമാവധി പ്രചരണം നൽകണം. ആയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

സഹകരണ വകുപ്പിന്റെ ഉൽപ്പന്നങ്ങൾക്ക് ഒരു പൊതു സ്വത്വം നൽകുകയാണ് സഹകരണ മുദ്രകൊണ്ട് ലക്ഷ്യം വയ്ക്കുന്നത്. വൈവിധ്യവും ഗുണമേന്മയും ജനങ്ങൾക്ക് ഉറപ്പ് നൽകുന്നതരം ഉൽപ്പന്നങ്ങൾ ഒരു കുടക്കീഴിൽ അണിനിരക്കുന്നു. കേരള സമൂഹത്തിൽ ശക്തമായ വേരോട്ടമുള്ള സഹകരണ പ്രസ്ഥാനത്തിന്റെ കീഴിൽ വിവിധ സംരംഭകർ വിപണിയിൽ എത്തിക്കുന്ന വിവിധയിനം ഉൽപ്പന്നങ്ങൾcoopkerala മാർക്കിനെ ഗുണമേന്മയുടെയും വിശ്വാസ്യതയുടേയും പര്യായമാക്കി തീർക്കുമെന്ന് പ്രത്യാശിക്കുന്നു.കേരള സംസ്കാരത്തിന്റെ ചരിത്ര പാരമ്പര്യം ഉൾക്കൊള്ളുന്ന തരത്തിലാണ് സഹകരണ മുദ്ര (coopkeralaMark)വിഭാവനം ചെയ്തിരിക്കുന്നത്. സഹകരണ മുദ്ര എന്നത് ഒരു കൂട്ടായ്മയുടെ ആശയമാണ്. ഒരു ശരി ചിഹ്നവും അതിനുള്ളിൽ സ്ഥിതി ചെയ്യുന്ന ഒരു ചെറിയ സമചതുരവുമാണ് മുദ്രയുടെ പ്രധാന ഭാഗം. ശരി ചിഹ്നം മേന്മയുടെ മുദ്രയാണ് ഇത് ഐക്യത്തെയും മൈത്രിയേയും പ്രതിനിധാനം ചെയ്യുന്നു. സമചതുരം സഹകരണ ഉൽപ്പന്നങ്ങളുടെ പ്രതീകമാണ്. അവയുടെ ഗുണമേന്മ നമ്മുടെ ശക്തമായ സഹകരണ മേഖല നൽകുന്ന ഉറപ്പാണ്. സംരംഭകനേയും ഉൽപാദകനേയും ഉപഭോക്താവിനേയും തമ്മിൽ ബന്ധിപ്പിക്കുന്ന വിശ്വാസത്തിന്റെ കണ്ണിയായി ഇവിടെ coopkerala മാറുകയാണ്. ഹരിത നിറം കേരളത്തിന്റെ ഹരിതാഭയെ സൂചിപ്പിക്കുന്നു. ചുരുക്കത്തിൽ ദൈവത്തിന്റെ സ്വന്തം നാടിന്റെ

കൈയൊപ്പ് പതിഞ്ഞ ഉൽപ്പന്നങ്ങൾ അന്താരാഷ്ട്ര വിപണിയിലേക്ക് നൽകുന്ന ഗുണമേന്മയുടെ ഉറപ്പ് ഈ മുദ്രയിൽ കാണാം. സഹകരണ ഉൽപ്പന്നങ്ങളുടെ സർട്ടിഫിക്കേഷൻ മാർക്കായ coopkeralaഎന്ന വ്യാപാര മാർക്കിനുള്ള (logo)മാർഗ്ഗരേഖക്ക് സർക്കാരിന്റെ അംഗീകാരവും ലഭിച്ചിട്ടുണ്ട്.

8. വിളംബര ദിനത്തിൽ ഉച്ചയ്ക്ക് ശേഷം ജില്ലയിലെ ഒരു കേന്ദ്രത്തിൽ വച്ച് അതാത് ജില്ലകളിലെ HDC/JDC സ്ഥാപനങ്ങൾ, സഹകരണ കോളേജുകൾ, നഴ്സിംഗ് കോളേജുകൾ ഉൾപ്പെടെയുള്ള എല്ലാ സഹകരണ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികളെ പങ്കെടുപ്പിച്ച് സംഘഗാനം, നാടൻപാട്ട്, സംഘനൃത്തം എന്നീ കലാപരിപാടികളുടെ മത്സരം നടത്തേണ്ടതാണ്.

9. മേൽ പ്രകാരമുള്ള മത്സരങ്ങളിൽ പങ്കെടുക്കുന്ന എല്ലാ ടീമുകൾക്കും പ്രോത്സാഹന സമ്മാനം നൽകേണ്ടതും, ഓരോ മത്സരത്തിലും ഒന്നാം സ്ഥാനം ലഭിക്കുന്ന ടീമിനെ സഹകരണ എക്സ്പോ-2023ൽ വിദ്യാർത്ഥികൾക്കായി അനുവദിച്ചിട്ടുള്ള മത്സര പരിപാടിയിൽ പങ്കെടുപ്പിക്കേണ്ടതുമാണ്.

10. എക്സ്പോ വേദിയിൽ വച്ച് നടത്തുന്ന സഹകരണ വിദ്യാർത്ഥികളുടെ മത്സര പരിപാടികളുടെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| 1. സംഘഗാനം&നാടൻപാട്ട് | –24/04/2023 | – 2 to 5pm |
| 2. സംഘനൃത്തം | –28/04/2023 | – 2 to 5pm |
| 3. ഫാഷൻ ഷോ | –29/04/2023 | – 2 to 5pm |

11. എക്സ്പോ വേദിയിൽ വച്ച് നടത്തുന്ന മേൽ പരിപാടികളിൽ ഒന്നും രണ്ടു മൂന്നും സ്ഥാനം ലഭിക്കുന്ന ടീമിനുള്ള മൊമന്റോയും സർട്ടിഫിക്കറ്റും എക്സ്പോ സമാപന സമ്മേളന വേദിയിൽ വച്ച് ബഹുമാനപ്പെട്ട സഹകരണ വകുപ്പ് മന്ത്രി നൽകുന്നതാണ്.

(ഒപ്പ്)
സഹകരണ സംഘം രജിസ്ട്രാർ

പകർപ്പ്: 1. സഹകരണ ഓഡിറ്റ് ഡയറക്ടർ

2. സെക്രട്ടറി/ചെയർമാൻ, സംസ്ഥാന സഹകരണ യൂണിയൻ,

3. ഡയറക്ടർ, CAPE

4. ഡയറക്ടർ, ICM, തിരുവനന്തപുരം & കണ്ണൂർ

//ആജ്ഞാനുസരണം//

അസിസ്റ്റന്റ് രജിസ്ട്രാർ (എം.പി.)